പതിമൂന്നാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2014–2016)

## ഏഴാമത് റിപ്പോർട്ട്

പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും
അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തേണ്ടത്തിന്റെ
ആവശ്യകത സംബന്ധിച്ച്

(2014 ഡിസംബർ 4-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2014-2016)

## ഏഴാമത് റിപ്പോർട്ട്

പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും
അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തേണ്ടതിന്റെ
ആവശ്യകത സംബന്ധിച്ച്

(2014 ഡിസംബർ 4-ാം തീയതി സമർപ്പിച്ചത്)

1422/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u>

ശ്രീ. തോമസ് ഉണ്ണിയാടൻ

<u>അംഗങ്ങൾ</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പി. എ. മാധവൻ
,, സി. കെ. നാണു
,, കെ. കെ. നാരായണൻ
,, ഷാഫി പറമ്പിൽ
,, കെ. എം. ഷാജി
,, പി. ഉബൈദുള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
ശ്രീ. എൻ. പ്രേമചന്ദ്രൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാര പ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്ന തിന് ശാസ്ത്രീയ പഠനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമിതിക്ക് ലഭിച്ച ഹർജികളെ അടിസ്ഥാനപ്പെടുത്തി പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഹയർ സെക്കന്ററി ഡയറക്ടർ എന്നിവരിൽ നിന്നും നടത്തിയ തെളിവെടുപ്പിൽ ലഭിച്ച വിവരങ്ങളും ഗവൺമെന്റിൽനിന്നും ലഭിച്ച റിപ്പോർട്ടുകളും അതിന്മേൽ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും ശിപാർശ കളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2014 സെപ്റ്റംബർ 3-ാം തീയതി കൂടിയ യോഗം അംഗീകരിച്ചു.

തോമസ് ഉണ്ണിയാടൻ,

*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 4.

# റിപ്പോർട്ട്

ദേശീയ തലത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്ത് ഏറെ മുന്നിലെത്തുവാൻ സാധിച്ച സംസ്ഥാനമാണ് കേരളം. ഒട്ടേറെ പരിവർത്തന ഘട്ടങ്ങൾ പിന്നിട്ടാണ് നമ്മുടെ സംസ്ഥാനം ഈ നേട്ടം കൈവരിച്ചത്. സംസ്ഥാന രൂപീകരണത്തിന് മുൻപ് 1806-ൽ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന നാഗർകോവിലിനു സമീപമുള്ള മൈലാടിയിൽ ലണ്ടൻ മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് കേരള വിദ്യാഭ്യാസ ചരിത്രത്തിലെ ആദ്യ സ്ഥാപനം ഉടലെടുത്തത്. പിന്നീട് ക്രൈസ്തവ മിഷനറിമാർ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിശിഷ്യാ കൊച്ചിയിലും മലബാറിലും സ്കൂളുകൾ സ്ഥാപിച്ചു. ആദ്യത്തെ ഗവൺമെന്റ് സ്കൂൾ പ്രവർത്തനമാരംഭിച്ചത് 1817-ലാണ്. 1818 മുതൽ കൊച്ചിയിലും 1834 മുതൽ മലബാറിലും ഗവൺമെന്റ് വിദ്യാലയങ്ങൾ പ്രവർത്തനമാരംഭിച്ചു.

2. 1956-ൽ കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം 1957-ൽ സ്കൂൾ വിദ്യാഭ്യാസ നിയമം വഴിയാണ് കേരള സംസ്ഥാനത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന് ഒരു ഏകീകൃത സ്വഭാവം കൈവന്നത്. 1957-ലെ പ്രസ്തുത നിയമം അനുസരിച്ച് സ്കൂൾ വിദ്യാഭ്യാസ കാലം 10 വർഷമെന്ന് നിജപ്പെടുത്തി-1 മുതൽ 4 വരെ ലോവർ പ്രൈമറി, 5 മുതൽ 7 വരെ അപ്പർ പ്രൈമറി, 8 മുതൽ 10 വരെ ഹൈസ്കൂൾ. 11-ാം സ്റ്റാൻഡേർഡ് പ്രീ-യൂണിവേഴ്സിറ്റി എന്ന പേരിൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ ഭാഗമായി. പിന്നീട് പ്രീ-യൂണിവേഴ്സിറ്റിക്കു പകരം ദ്വിവത്സര പ്രീഡിഗ്രി കോഴ്സ് ആരംഭിച്ചു. 1986-ലെ കോത്താരി കമ്മീഷന്റെ ശിപാർശയുടെ വെളിച്ചത്തിൽ നടപ്പാക്കിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 1998 മുതൽ പ്രീഡിഗ്രി സർവ്വകലാശാല വിദ്യാഭ്യാസത്തിൽ നിന്നും വേർപെടുത്തി പ്ലസ് ടു എന്ന പേരിൽ സ്കൂൾ വിദ്യാഭ്യാസത്തോടു ചേർത്തു. അങ്ങനെ സ്കൂൾ വിദ്യാഭ്യാസ കാലഘട്ടം 12 വർഷമായി. 2001-ൽ പ്രീഡിഗ്രി പൂർണ്ണമായും സർവ്വകലാശാലകളിൽ നിന്ന് വേർപെടുത്തിയതോടെ ഹയർ സെക്കന്ററി മേഖല സ്കൂൾ വിദ്യാഭ്യാസത്തിന്റെ സുപ്രധാന ഭാഗമായി.

3. ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിലെ വഴിത്തിരിവാണ് ഹയർ സെക്കന്ററി ഘട്ടം. ഭാവി ജീവിതത്തെ രൂപപ്പെടുത്തുന്നതിന് ഉന്നതവിദ്യാഭ്യാസം ഏതു ദിശയിലേക്കായിരിക്കണമെന്ന് തീരുമാനിക്കുന്നത് ഹയർ സെക്കന്ററി ഘട്ടത്തിലാണ്. പത്താം ക്ലാസുവരെ എല്ലാ വിഷയങ്ങളും പഠിച്ചുവരുന്ന വിദ്യാർത്ഥി സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ ഐച്ഛിക വിഷയ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് ഭാവി വിദ്യാഭ്യാസത്തിന്റെ ഗതി തീരുമാനിക്കുന്നത് ഹയർ സെക്കന്ററിയിൽ പ്രവേശിക്കുന്നതോടുകൂടിയാണ്.

4. ഈ വർഷം ഹയർ സെക്കന്ററി മേഖലയിൽ പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് ഗവൺമെന്റ് തീരുമാനിക്കുകയും 700 ഹയർ സെക്കന്ററി

ബാച്ചുകൾകൂടി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കുകയും ചെയ്തു. ഹയർ സെക്കന്ററി തലത്തിൽ പുതിയ സ്കൂളുകൾ അനുവദിച്ചതും അധിക ബാച്ചുകൾ അനുവദിച്ചതും ചില സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തതും സംബന്ധിച്ചുള്ള അപാകത ചൂണ്ടിക്കാട്ടി ശ്രീ. സന്തോഷ് ആലപ്പുഴ സമിതിയ്ക്ക് ഹർജി സമർപ്പിക്കുകയുണ്ടായി. അഡീഷണൽ ബാച്ചുകളും പുതിയ സ്കൂളുകളും അനുവദിച്ചതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തതും ശാസ്ത്രീയമായ പഠനത്തിനു വിധേയമായിട്ടല്ലെന്നും ശാസ്ത്രീയമായ പഠനത്തിന് വിധേയമായിട്ടായിരുന്നെങ്കിൽ ഇപ്രകാരം അനുവദിക്കേണ്ടിവരില്ലായിരുന്നെന്നുമുള്ള പരാതിയിന്മേലാണ് സമിതി ഈ വിഷയവുമായി മുന്നോട്ടു പോകുവാനും തുടർന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി, ഡി.പി.ഐ., ഹയർ സെക്കന്ററി ഡയറക്ടർ തുടങ്ങിയവരിൽനിന്ന് 20-8-2014-ൽ തെളിവെടുപ്പ് നടത്തിയതും. പ്രസ്തുത തെളിവെടുപ്പിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

5. 20-8-2014-ലെ കണക്കുകൾ പ്രകാരം ഹയർ സെക്കന്ററി പ്രവേശനം ഉൾപ്പെടെയുള്ള തുടർവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണം 442678 ആണെന്നും നിലവിൽ 1808 ഹയർ സെക്കന്ററി സ്കൂളുകളാണുള്ളതെന്നും ഇതനുസരിച്ച് സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിലായി ആകെ 6582 ബാച്ചുകളിലായി 329100 സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ കഴിയുന്നുണ്ടെന്നും അതോടൊപ്പം ഈ വർഷത്തെ 20% മാർജിനൽ വർദ്ധനവുകൂടി കണക്കാക്കുമ്പോൾ ഹയർ സെക്കന്ററിക്ക് 394617 സീറ്റുകളിൽ പ്രവേശനം നൽകുവാൻ കഴിയുമെന്നും പ്ലസ് ടു കോഴ്സ് ഉൾപ്പെടെ തുടർ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കേണ്ട ശേഷിക്കുന്ന കുട്ടികളുടെ എണ്ണം 48061 ആണെന്നും തെളിവെടുപ്പുവേളയിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതിയെ ധരിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്തൊട്ടാകെ 27500 വി.എച്ച്.എസ്.ഇ. സീറ്റുകളും 13974 പോളിടെക്നിക് സീറ്റുകളും 2650 ടെക്നിക്കൽ ഹയർ സെക്കന്ററി സീറ്റുകളും ഐ.ടി.ഐ./ഐ.ടി.സി. മേഖലകളിലായി 61421 സീറ്റുകളും ഉൾപ്പെടെ ആകെ ഒരു ലക്ഷത്തിലധികം സീറ്റുകൾ ഉപരിപഠനത്തിന് ലഭ്യമായിട്ടുണ്ടെന്നും കൂടാതെ നിലവിലുള്ള ഓപ്പൺ സ്കൂൾ സംവിധാനത്തിലൂടെയും ഈ വർഷം എസ്.എസ്.എൽ.സി. പാസായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരമുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിക്കുകയുണ്ടായി.

6. സമിതിയുടെ അന്വേഷണത്തിൽ 2014-ലെ കണക്കുപ്രകാരം കേന്ദ്ര സിലബസ് അനുസരിച്ച് സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന 1186 സി.ബി.എസ്.ഇ. സ്കൂളുകളിലും 140 ഐ.സി.എസ്.സി. സ്കൂളുകളിലുമായി പത്താം സ്റ്റാൻഡേർഡിൽനിന്നും വിജയിക്കുന്ന കുട്ടികളിൽ ചിലർ പ്ലസ് വണ്ണിന് സ്റ്റേറ്റ് സിലബസ്സിലേക്ക് മാറുന്ന പ്രവണതയുള്ളതായി

കാണുന്നുവെങ്കിൽപോലും ഈ വർഷവും അധിക ബാച്ചിന്റെ ആവശ്യം ഉള്ളതായി കാണുന്നില്ല. കൂടാതെ വരുംവർഷങ്ങളിലും ഓരോ ക്ലാസിലും സ്റ്റേറ്റ് സിലബസിലെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായേക്കാവുന്ന കുറവുമൂലം ഭാവിയിലും പുതിയ ബാച്ചുകളുടെ ആവശ്യം ഉണ്ടാവുകയില്ല.

7. സമിതിക്കു ലഭിച്ച കണക്കുകൾ പ്രകാരം നിലവിൽ പത്താം ക്ലാസ്സിൽ 466325-ഉം ഒമ്പതാം ക്ലാസ്സിൽ 482955-ഉം എട്ടാം ക്ലാസ്സിൽ 445558-ഉം ഏഴാം ക്ലാസ്സിൽ 412588-ഉം ആറാം ക്ലാസ്സിൽ 391933-ഉം അഞ്ചാം ക്ലാസ്സിൽ 366998-ഉം നാലാം ക്ലാസ്സിൽ 322409-ഉം മൂന്നാം ക്ലാസ്സിൽ 314500-ഉം രണ്ടാം ക്ലാസ്സിൽ 301104-ഉം ഒന്നാം ക്ലാസ്സിൽ 296096-ഉം കുട്ടികളാണുള്ളത്. അതായത് ഓരോ വർഷവും പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. നാലോ അഞ്ചോ വർഷം കഴിയുന്നതോടെ പത്താം ക്ലാസ്സിലെത്തുന്ന മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ പ്രവേശനം നൽകിയാലും നിലവിലുള്ള സീറ്റുകൾ മുഴുവൻ നികത്തുവാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. കുട്ടികളുടെ എണ്ണം വർഷാവർഷം കുറഞ്ഞുവരുന്നതിനാൽ ഇക്കാര്യം മുൻകൂട്ടി കണ്ടുവേണം പുതിയ സീറ്റുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ട തെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. താഴ്ന്ന ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണത്തിൽ വന്നിട്ടുള്ള കുറവും കേന്ദ്ര സിലബസ് വിട്ട് സംസ്ഥാന സിലബസ്സിലേക്ക് വരുന്ന കുട്ടികളുടെ തോതും കണക്കാക്കിയാൽ ഹയർ സെക്കന്ററി സീറ്റുകൾ വേണ്ടിവരുന്നത് എത്രയെന്ന് കണക്കാക്കാവുന്നതാണ്. ഓരോ പ്രദേശത്തെയും പ്ലസ് വൺ സീറ്റുകളുടെ ആവശ്യകത മുൻകൂട്ടിക്കണ്ട് ശാസ്ത്രീയമായി പഠനം നടത്തി പ്രാദേശിക അസന്തുലിതാവസ്ഥ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടിയിരുന്നുവെന്നും സമിതി വിലയിരുത്തുന്നു.

9. ഹൈസ്കൂൾ വരെയുള്ള പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതിനാൽ ആയിരക്കണക്കിന് അദ്ധ്യാപകർ അധികമാണ്. ജോലി ചെയ്യാൻ ഇടമില്ലാത്ത സർക്കാർ അദ്ധ്യാപകരുടെ എണ്ണം വരുംവർഷങ്ങളിൽ വർദ്ധിക്കുകയേയുള്ളൂ. 2010-11 വർഷത്തെ കണക്കു പ്രകാരം 2939 അദ്ധ്യാപകരാണ് അധികമായിട്ടുള്ളത്. എന്നാൽ എയ്ഡഡ് മേഖലയിൽ 7000-ഓളം അദ്ധ്യാപകരും ഗവൺമെന്റ് മേഖലയിൽ 650-ഓളം അദ്ധ്യാപകരും അടക്കം മൊത്തം 11000-ഓളം അദ്ധ്യാപകർ വരുംവർഷം അധികമാകാൻ സാധ്യതയുള്ളതായി സമിതി കണ്ടെത്തുകയുണ്ടായി. സർക്കാർ മേഖലയിൽ തസ്തിക നിർണ്ണയത്തിനുശേഷം മാത്രമാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. എന്നാൽ എയ്ഡഡ് മേഖലയിൽ തസ്തിക നിർണ്ണയം നടത്താതെ അദ്ധ്യാപകരെ നിയമിക്കുന്നതിനാൽ വേണ്ടത്ര കുട്ടികളെ ലഭിക്കാതെ വരുമ്പോൾ അദ്ധ്യാപകർ

അധികമാവുകയും അതിന്റെ ഫലമായി എയ്ഡഡ് മേഖലയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുകയും ചെയ്യുന്നു. ഇതോടൊപ്പം വേണ്ടത്ര കുട്ടികളില്ലാത്തതിനാൽ ധാരാളം സ്കൂളുകൾ അനാദായകരമെന്ന വിശേഷണം പേറുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ വിവിധ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ബാച്ചുകളിലും കുട്ടികളുടെ എണ്ണക്കുറവ് അനുഭവപ്പെട്ടു. ചില ബാച്ചുകൾ നിർത്തലാക്കുകയോ സംയോജിപ്പിക്കുകയോ ചെയ്യേണ്ടതായും വന്നു. ഭാവിയിൽ ഹയർ സെക്കന്ററി മേഖലയിലും കുട്ടികളുടെ എണ്ണക്കുറവുമൂലം പല ബാച്ചുകളും നിർത്തലാക്കുകയോ സംയോജിപ്പിക്കുകയോ ചെയ്യേണ്ടതായി വരുമെന്നും തൻമൂലം ഈ മേഖലയിലും ഒട്ടേറെ അദ്ധ്യാപകർ അധികമാവാൻ സാധ്യതയുള്ളതായും സമിതി മനസ്സിലാക്കുന്നു. ഇത് തടയാൻ സർക്കാർ നിയന്ത്രണങ്ങൾ അനിവാര്യമാണ്. ശാസ്ത്രീയമായ പരിശോധനയില്ലാതെ പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുക. വിദ്യാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ ശാസ്ത്രീയസമീപനം സ്വീകരിക്കുന്നില്ലെങ്കിൽ ഭാവിയിൽ ജോലി സുരക്ഷാ പ്രശ്നം ഹയർ സെക്കന്ററി അദ്ധ്യാപകരെയും ബാധിക്കാൻ ഇടയുള്ളതായി സമിതി വിലയിരുത്തുന്നു. അതോടൊപ്പം നിലവിലുള്ള വി.എച്ച്.എസ്.ഇ., ഐ.ടി.ഐ., പോളിടെക്നിക് കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയോ ആധുനികവൽക്കരിക്കുകയോ ചെയ്യേണ്ടതുണ്ടെന്നും അല്ലെങ്കിൽ ഈ മേഖലയിലും ആവശ്യത്തിന് കുട്ടികളെ കിട്ടാത്ത അവസ്ഥ സംജാതമാകുമെന്നും സമിതി വിലയിരുത്തുന്നു. നിലവിൽ വി.എച്ച്.എസ്.ഇ. കോഴ്സുകളിൽ പലതിനും ആവശ്യത്തിന് വിദ്യാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണുള്ളത്. ഈ സ്ഥിതി തുടരുവാൻ സാധ്യത ഉള്ളതും തന്മൂലം വി.എച്ച്.എസ്.ഇ.യിലും നിലവിലുള്ള അദ്ധ്യാപക തസ്തികപോലും അധികമായി ത്തീരുന്നതുമാണ്.

10. പുതിയ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക ബാങ്കിൽ നിന്ന് യോഗ്യരായവരെ നിയമിക്കുമെന്നതും മാനേജ്മെൻറ് സ്കൂളുകളിൽ താല്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുമെന്നതും സമിതി ചർച്ച ചെയ്യുകയുണ്ടായി. 2010-11-ൽ സർക്കാർ സ്കൂളുകളിൽ നടപ്പാക്കിയ തസ്തികനിർണ്ണയപ്രകാരം പുറത്താകുന്ന അദ്ധ്യാപകരെ ഉൾക്കൊള്ളിച്ച് അവരുടെ പുനരധിവാസത്തിനാണ് അദ്ധ്യാപക ബാങ്ക് രൂപീകരിക്കാൻ തീരുമാനിച്ചത്. വിരമിക്കൽ, പ്രൊമോഷൻ, സ്ഥിരനിയമനത്തിനുള്ള കാലതാമസം, അവധിയിൽ പ്രവേശിക്കൽ എന്നിങ്ങനെയുണ്ടാകുന്ന ഒഴിവിലേക്കാണ് അദ്ധ്യാപകബാങ്കി ലുള്ളവരെ പരിഗണിക്കുന്നത്. എന്നാൽ അദ്ധ്യാപകബാങ്ക് ഇനിയും യാഥാർത്ഥ്യ മായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. തന്നെയുമല്ല, മാനേജ്മെന്റ് സ്കൂളുകളിൽ നിന്ന് തസ്തിക നഷ്ടപ്പെട്ട് പുറത്താകുന്നവരെ സർക്കാർ സ്കൂളുകളിൽ നിയമിക്കുന്നത് വലിയ

എതിർപ്പ് ക്ഷണിച്ചുവരുത്താൻ ഇടയാക്കും. അങ്ങനെ നിയമിക്കപ്പെടുന്നവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വേതനമാണോ അതോ ഹയർ സെക്കന്ററിയിലെ വേതനമാണോ നൽകുക എന്ന പ്രശ്നവും ഉയർന്നുവന്നേക്കാമെന്നും മാനേജ്മെന്റ് സ്കൂളിൽ ഗസ്റ്റ് അദ്ധ്യാപക രായി നിയമിക്കപ്പെടുന്നവരെ പിന്നീട് മുൻകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തുന്ന സമ്പ്രദായം ആവർത്തിക്കാൻ ഇടയുള്ളതായും ഇത് സർക്കാരിന് അധിക ബാധ്യത സൃഷ്ടിക്കുന്നതിന് ഇടവരുത്തുമെന്നും സമിതി വിലയിരുത്തുന്നു.

11. ഹയർ സെക്കന്ററി കോഴ്സിൽ വിവിധ വിഷയങ്ങൾ പഠിക്കാൻ അവസരം നൽകുന്ന 48 കോമ്പിനേഷനുകൾ നിലവിലുണ്ട്. വൈവിധ്യമാർന്ന വിഷയങ്ങൾ പഠിക്കാൻ അവസരമുണ്ടാകണമെന്നത് നിഷേധിക്കാവുന്നതല്ല. എന്നാൽ, അപ്രസക്തമായതും അധികം കുട്ടികൾ പഠിക്കാൻ താൽപ്പര്യം കാണിക്കാത്തതുമായ വിഷയങ്ങൾ ഹയർ സെക്കന്ററി കോഴ്സിന്റെ ഭാഗമായി പഠിപ്പിക്കണമോയെന്നത് ശാസ്ത്രീയ പഠനത്തിന് വിധേയമാക്കേണ്ട താണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. നിലവിൽ ഹയർ സെക്കന്ററി സ്കൂളുകളില്ലാത്ത 131 പഞ്ചായത്തുകളിൽ ഓരോ ബാച്ച് വീതമുള്ള പുതിയ സ്കൂളുകളും 95 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് 143 ബാച്ചുകളും കൂടാതെ 400 സ്കൂളുകളിലായി 426 അധിക ബാച്ചുകളും ഉൾപ്പെടെ ആകെ 700 ബാച്ചുകൾ പുതുതായി അനുവദിക്കുകയാണെങ്കിൽ ഓരോ ബാച്ചിലും കുറഞ്ഞത് 8 അദ്ധ്യാപകരെ പുതുതായി നിയമിക്കേണ്ടി വരുകയും അങ്ങനെ കണക്കാക്കിയാൽ ഏകദേശം 5600-ഓളം അദ്ധ്യാപക തസ്തിക സൃഷ്ടിക്കേണ്ടിവരുമെന്നും തന്മൂലം ഒരു വർഷം ഏകദേശം 235 കോടിയോളം രൂപയുടെ അധിക സാമ്പത്തിക ബാധ്യതയാണ് സർക്കാരിന് ഉണ്ടാകുകയെന്നും സമിതി വിലയിരുത്തുന്നു.

13. പ്ലസ് വൺ പ്രവേശനം കൂടുതൽ ശാസ്ത്രീയവും അഴിമതി രഹിതവുമാക്കുന്ന തിനാണ് ഏകജാലക സംവിധാനം ഏർപ്പെടുത്തിയത്. പ്രവേശനത്തിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്ന ക്രമക്കേടുകൾ ഒഴിവാക്കാനും സാമൂഹ്യനീതിയും അവസരസമത്വവും പാലിക്കാനും സംവരണതത്വം ഉറപ്പാക്കാനും ഏകജാലക സംവിധാനം കൊണ്ട് ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ കഴിഞ്ഞവർഷം സംസ്ഥാനത്തൊട്ടാകെ 3154 പ്ലസ് വൺ സീറ്റ് ഒഴിഞ്ഞുകിടക്കുകയും അതേസമയം അഡ്മിഷൻ കിട്ടാതെ കുട്ടികൾ പുറത്തുനിൽക്കുകയും ചെയ്യുന്ന അവസ്ഥ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഫൈനൽ അലോട്ട്മെന്റിന് ശേഷവും ഓരോ സ്കൂളിലും സീറ്റ് ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയ്ക്ക് കാരണം ഈ സംവിധാനത്തിലെ പരിപൂർണ്ണതയുടെ അഭാവമാണെന്ന് സമിതി വിലയിരുത്തുന്നു. പലസ്ഥലങ്ങളിലും കുട്ടികൾക്ക് സീറ്റ് ലഭിക്കാതിരിക്കുകയും അതേസമയം ചില സ്കൂളുകളിൽ സീറ്റ് ഒഴിഞ്ഞുകിടക്കുന്നതുമായ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടത് അത്യാവശ്യമായതിനാൽ ഇത് സംബന്ധിച്ച്

ശാസ്ത്രീയ പഠനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. അക്ഷയ കേന്ദ്രങ്ങളിലൂടെയും സ്വകാര്യ ഇന്റർനെറ്റ് കഫേകളിലൂടെയുമാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നത്. സ്വന്തമായി കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനുമുള്ള കുട്ടികൾ വളരെ കുറവാണ്. രാജ്യം സാങ്കേതികവിദ്യാപരമായി പുരോഗമിച്ചതിനു കണക്കുകൾ നിരത്തിയാലും കേരളത്തെപ്പോലെ വിദ്യാഭ്യാസരംഗത്തു മുന്നേറ്റം കൈവരിച്ച സംസ്ഥാനങ്ങളിൽപ്പോലും ഇന്റർനെറ്റ് കണക്ഷനുള്ള വീടുകൾ ചുരുക്കമാണ്. സ്കൂൾ പ്രവേശനം സംബന്ധിച്ച് പ്രോസ്പെക്ടസിന്റെ ആറാം അനുബന്ധത്തിൽ ഓൺലൈൻ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ഉണ്ടെങ്കിലും ഒട്ടുമിക്ക വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നിരവധി സംശയങ്ങൾ ബാക്കിയാണ്. അക്ഷയ കേന്ദ്രങ്ങളിലെയും ഇന്റർനെറ്റ് കഫേകളിലെയും ജോലിക്കാരാണ് ഇവർക്ക് ആശ്രയം. വിവിധ ശാഖകളിലായി നാല്പതിലേറെ വിഷയങ്ങൾ ഉള്ളതിനാൽ ഇഷ്ടപ്പെട്ട വിഷയങ്ങളും ഉന്നതപഠനത്തിനുതകുന്ന വിഷയങ്ങളുമൊക്കെ നിശ്ചയിക്കുന്നതിന് കുട്ടികൾക്കു മാത്രമല്ല മാതാപിതാക്കൾക്കും ശരിയായ വിദഗ്ദ്ധനിർദ്ദേശങ്ങൾ ലഭിക്കേണ്ടതായിട്ടുണ്ടെന്നും അത്തരം സൗകര്യങ്ങളൊന്നും കാര്യമായി ലഭ്യമല്ലെന്നും സമിതി കരുതുന്നു. ആയതിനാൽ, വിദ്യാർത്ഥികൾ പത്താംക്ലാസ്സിൽ പഠിച്ചിരുന്ന സ്കൂളിലെ ഐ.ടി. വിഭാഗത്തിന്റെ ഭാഗമായുള്ള കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ഉൾപ്പെടെയുള്ള ലാബ് സൗകര്യങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തി ഓൺലൈൻ രജിസ്ട്രേഷനുള്ള സംവിധാനം ഒരുക്കി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനമുണ്ടാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തോമസ് ഉണ്ണിയാടൻ,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 4.